റവന്യൂ ബേസിക് ടാക്സ് രജിസ്റ്ററിൽ ഭൂമിയുടെ ഇനം മാറ്റൽ

121 (3868) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന റവന്യൂ അദാലത്തുകൾ വഴി പോലും പരിഹരിക്കപ്പെടാനാവാത്ത റവന്യൂ സംബന്ധമായ നിരവധി പരാതികൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം പരാതികൾ ഏത് രീതിയിൽ പരിഹരിയ്ക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ബി) പതിറ്റാണ്ടുകളായി പൂരയിടമായിക്കിടക്കുന്നതും എന്നാൽ റവന്യൂ ബേസിക് ടാക്സ് രജിസ്റ്ററിൽ (ബി.റ്റി.ആർ.) നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ധാരാളം വസ്തുവകകൾ സംസ്ഥാനത്തുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുമൂലം പ്രസ്തുത വസ്തുവകകൾ നിർമ്മാണ പ്രവർത്തനത്തിനും മറ്റും അനുമതി ലഭിയ്ക്കാത്ത സാഹചര്യം ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കുന്നതിനായി, ഇത്തരം ഭൂമിയുടെ ഇനം സംബന്ധിച്ച് ആവശ്യമായ പരിശോധന സമയബന്ധിതമായി നടത്തി ബി.ടി.ആർ.-ൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ അന്തർലീനമായിരിക്കുന്ന വസ്തുതകൾ പരിശോധിച്ചശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി). ബി.റ്റി.ആർ.-ൽ രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയുടെ ഇനം/തരം മാറ്റുന്നതിന് നിലവിലെ നിയമത്തിൽ വ്യവസ്ഥയില്ലാത്തതാണ്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

റവന്യൂ വകുപ്പിലെ പ്രൊമോഷനുകൾ

122 (3869) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി മുതൽ റവന്യൂ വകുപ്പിൽ നിന്ന് വിരമിച്ചവർ എത്രയെന്നും ഏതെല്ലാം തസ്തികകളിൽ നിന്ന് എത്രപേർ വീതം ഓരോ മാസവും വിരമിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികകളിലേക്ക് പൂർണ്ണമായും പ്രൊമോഷനുകൾ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രൊമോഷൻ നടത്തി ഒഴിവുകൾ നികത്താത്ത എത്ര തസ്തികകൾ ഉണ്ടെന്നും അവ ഏതെല്ലാം ജില്ലകളിലാണെന്നും വ്യക്തമാക്കുമോ ;

(സി) നിരവധി അടിയന്തര സ്വഭാവമുള്ള ജോലികൾ നിർവ്വഹിക്കേണ്ട റവന്യൂ വകുപ്പിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിൽ കാലതാമസം വരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly